## (31.) കൊച്ചുകുളം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് പിതാവ് തപസനുഷ്ഠിച്ച മുണ്ടൻമല കുന്നുകളിൽ ഒന്നായ കൊച്ചുകുളത്തിന്റെ നെറുകയിലാണ് പത്തനംതിട്ട ഭദ്രാസനത്തിൽപ്പെട്ട സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയം. 1960ൽ ആണ് ഈ സമൂഹം ഇവിടെ രൂപീകൃതമാകുന്നത്. പൊതുസ്ഥലത്തുണ്ടായിരുന്ന ഓലഷെഡ്ഡിലാണ് തുടക്കം. എല്ലാ സഭാവിഭാഗക്കാരും ആരാധനയിൽ സംബന്ധിച്ചിരുന്നു. ഇതോടൊപ്പം ഒരു കുരിശടിയും സ്ഥാപിതമായി. തിരുവനന്തപുരം അതിരൂപതയുടെ വടക്കേ അറ്റത്തുള്ള ഒരു സ്ഥലമായിരുന്നു ഇത്. അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവാണ് ഇതിന് അനുവാദം നല്കിയതും ക്രമീകരണങ്ങൾ ചെയ്തതും.

ഫാ. സാമുവേൽ തൈക്കൂട്ടത്തിൽ വികാരിയായി ശുശ്രൂഷ ആരംഭിച്ചതാണ് ഈ ദേവാലയം. ഇന്ന് വിവിധ ക്രൈസ്തവ സഭാവിഭഗക്കാർക്കും മറ്റ് മതസ്ഥർക്കും ആരാധനാകേന്ദ്രങ്ങൾ ഉണ്ട്. എന്നിരുന്നാലും കൊച്ചുകുളത്തിന്റെ നെറുകയിൽ ഉള്ള സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയവും ശ്രീധർമ്മശാസ്താക്ഷേത്രവും തൊട്ടുരുമി നിൽക്കുന്നത് ഈ നാടിന്റെ മതേതര സങ്കൽപത്തിന്റെ ദൃഷ്ടാന്തമാണ്.

ഫാ. സാമുവേൽ തൈക്കൂട്ടത്തിൽ വികാരിയായി ശുശ്രൂഷ ആരംഭിച്ച ഇടവകയിൽ ഇപ്പോൾ 21-ാം വികാരിയായി ഫാ. തോമസ് നെടുംമാംകുഴിയിൽ ശുശ്രൂഷ ചെയ്യുന്നു. 30 കുടുംബങ്ങൾ മാത്രമുള്ള ഇടവകയിൽ നിന്ന് വിലമതിക്കാനാവാത്ത ദൈവവിളികൾ ലഭിച്ചുകൊണ്ടിരിക്കുന്നു.

1. ഫാ. മാത്യു ജോയേൽ ഒ.ഐ.സി. ചരിവുപുരയിടം
2. സി. ലിനറ്റ് എസ്.ഐ.സി.
3. ഫാ. വർഗീസ് തൈയ്യിൽ
4. ഫാ. മാത്യു കുന്നുംപുറത്ത്
5. ബ്ര. നിഖിൽ നൈനാൻ മേപ്രത്ത്
6. ബ്ര. ഷിജിൻ ഫിലിപ്പ് എന്നിവർ ഈ ഇടവകയുടെ മക്കളാണ്.

**ഇടവകയിൽ സേവനമനുഷ്ഠിച്ച വൈദികർ**

1. ഫാ. സാമുവേൽ തൈക്കൂട്ടത്തിൽ - 1957-1958
2. ഫാ. ജോസഫ് വാഴപ്പിള്ളേത്ത് - 1958-1960
3. ഫാ. സാമുവേൽ തെങ്ങുവിള - 1960-1962
4. ഫാ. വർഗീസ് ഒ.കെ. - 1962-1964
5. ഫാ. ജോർജ്ജ് പുറകൂട്ട് - 1964-1974
6. ഫാ. ജോഷ്വാ തെക്കേച്ചരുവിൽ - 1974-1978
7. ഫാ. ജോഷ്വാ പീടികയിൽ - 1978-1982
8. ഫാ. ചെറിയാൻ മായിക്കൽ - 1982-1992
9. ഫാ. തോമസ് പുതുപ്പറമ്പിൽ - 1992-1996
10. ഫാ. ജോൺ സി. പുത്തൻവീട് - 1996-2000

| | | | |
|---|---|---|---|
| 11. | ഫാ. ഏബ്രഹാം മണ്ണിൽ | - | 2000 - 2005 |
| 12. | ഫാ. ആന്റണി പ്ലാപറമ്പിൽ | - | 2005 - 2008 |
| 13. | ഫാ. വർഗീസ് കൂത്തിനേത്ത് | - | 2005 - 2007 |
| 14. | ഫാ. സാമുവേൽ തോപ്പിൽ | - | 2007 - 2008 |
| 15. | ഫാ. മാത്യു വാഴപ്പിള്ളേത്ത് റമ്പാൻ | - | 2008 - 2010 |
| 16. | ഫാ. തോമസ് ഈട്ടിക്കാലായിൽ | - | 2010 - 2013 |
| 17. | ഫാ. ജോസി ചിറയത്ത് | - | 2013 - 2015 |
| 18. | ഫാ. ഗീവർഗീസ് പാലമൂട്ടിൽ തെക്കേതിൽ | - | 2015 - 2017 |
| 19. | ഫാ. ബിനോയി പുതുപ്പറമ്പിൽ | - | 2017 - 2018 |
| 20. | ഫാ. തോമസ് നെടുമാംകുഴിയിൽ | - | 2018 - 2021 |
| 21. | ഫാ. ജസ്റ്റിൻ തോപ്പിൽകിഴക്കേതിൽ | - | 2021 |